പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3725** | 23/08/2017 ൽ മറുപടിക്ക്

**നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.പി.കെ. ബഷീർ** | | **ശ്രീ. എ.സി.മൊയ്തീൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് നഷ്ടത്തിൽ പ്രവർത്തിച്ച് വരുന്ന പൊതുമേഖലാസ്ഥാപനങ്ങൾ ഏതെല്ലാമാണ്; അവയുടെ സഞ്ചിതനഷ്ടം എത്ര രൂപയാണ്; | (എ) | 2016-17 കാലയളവിലെ ആഡിറ്റിനു മുൻപുള്ള പ്രവർത്തന അവലോകന റിപ്പോർട്ട് പ്രകാരം വ്യവസായ വകുപ്പിന് കീഴിലുള്ള 27 പൊതുമേഖലാസ്ഥാപനങ്ങൾ നഷ്ടത്തിൽ പ്രവർത്തിച്ചുവരുന്നു. ഈ സ്ഥാപനങ്ങളുടെ സഞ്ചിതനഷ്ടത്തിൻെറ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | നഷ്ടത്തിൽ പ്രവർത്തിച്ച് വരുന്ന പൊതുമേഖല സ്ഥാപനങ്ങളെ ലാഭത്തിലാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികളുടെ അടിസ്ഥാനത്തിൽ ഉണ്ടായിട്ടുള്ള പുരോഗതി എന്താണെന്ന് വ്യക്തമാക്കുമോ? | (ബി) | ടെക്സ്റ്റൈൽ മേഖലയിലും സഹകരണമേഖലയിലുമുള്ള പ്രവർത്തനം നിലച്ചുകിടന്ന സ്ഥാപനങ്ങൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിന് 15 കോടി രൂപയുടെ അധിക ധനസഹായം നൽകി. പൊതുമേഖലാ സ്ഥാപനങ്ങളുടെ ഇൻേറണൽ ആഡിറ്റ് സംവിധാനവും, സ്റ്റാറ്റ്യൂട്ടറി ആഡിറ്റ് സംവിധാനവും പ്രത്യേക അവലോകനത്തിന് വിധേയമാക്കിയതിലൂടെ 40 പൊതുമേഖലാ സ്ഥാപനങ്ങളിൽ 25 സ്ഥാപനങ്ങളുടെ 2015-16 വരെയുള്ള സ്റ്റാറ്റ്യൂട്ടറി ആഡിറ്റ് പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്. 2016-17 സാമ്പത്തിക വാർഷാവസാനം 40 പൊതുമേഖലാ സ്ഥാപനങ്ങളിൽ 13 |

സ്ഥാപനങ്ങൾ ലാഭത്തിൽ പ്രവർത്തിച്ചു. 2015-16 സാമ്പത്തിക വർഷം നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന TTP, TCC, TELK, TRACO, SIFL എന്നീ സ്ഥാപനങ്ങൾ 2016-17ൽ ലാഭകരമാക്കുവാൻ സാധിച്ചു. 2015-16 സാമ്പത്തിക വർഷത്തെ മൊത്തം നഷ്ടമായ 131.87 കോടിരൂപയിൽ നിന്നും 2016-17-ൽ മൊത്തം നഷ്ടം 80.67 കോടിരൂപയായി കുറയ്ക്കുവാനും സാധിച്ചു.

സെക്ഷൻ ഓഫീസർ